# ചരിത്രത്തിലേക്ക് മറഞ്ഞുകൊണ്ടിരിക്കുന്ന മടവൂർ വിഭാഗം

അമീർ ഒതുക്കുങ്ങൽ

മടവൂർ വിഭാഗത്തിനെതിരെ ലേഖനങ്ങളെഴുതുമ്പോൾ, അത് വായിക്കുന്ന ചിലർ ചിലപ്പോഴൊക്കെ പിറുപിറുക്കാറുണ്ട്. ഇത്രയും കാലം കൂടെ നിന്ന് 'നിസാര പ്രശ്നങ്ങളുടെ' പേരിൽ വേറിട്ട് നിൽക്കുന്ന അവരെ ഇത്തരത്തിൽ വിമർശിക്കണോ? എന്നാണ് മേൽപറഞ്ഞ 'നിഷ്പക്ഷ' സംഘത്തിന്റെ ചോദ്യം. ഇത്രയും കാലം കൂടെ നിന്നവർ കുറച്ച് വർഷം കൊണ്ട് ഈ ആദർശത്തിൽ നിന്നും പ്രബോധന പ്രവർത്തനങ്ങളിൽ നിന്നും വളരെ ദൂരം അകന്ന് പോയിട്ടുണ്ട് എന്നതാണ് അതിനുള്ള മറുപടി. മടവൂർ വിഭാഗം ഇന്ന് എത്തിപ്പെട്ടിരിക്കുന്ന അധ:പതനത്തിന്റെ ആഴവും പരപ്പും അവരല്ലാത്തവരൊക്കെ തിരിച്ചറിഞ്ഞിട്ടുണ്ട്. അവരിൽ ചിലരും അത് തിരിച്ചറിഞ്ഞിട്ടുണ്ട് എന്നതാണ് വാസ്തവം. അത്തരക്കാരാണ് 'ലയിക്കാനുണ്ടോ......ലയനം' എന്ന് വിളിച്ചു കൂവി കോഴിക്കോട് മുജാഹിദ് സെന്ററിന്റെയും സി.ഡി ടവറിന്റെയും പരിസരത്ത് ചിലപ്പോഴൊക്കെ കറങ്ങി നടക്കുന്നത്. ചിലരുടെയൊക്കെ കർമ്മഫലമനുസരിച്ച് ഈ ദുനിയാവിൽ നിന്ന് തന്നെ അല്ലാഹു അത്തരക്കാർക്ക് നിന്ദ്യതയും അപമാനവും നൽകുമെന്നതിന് ചരിത്രത്തിൽ ഒന്നും രണ്ടും സംഭവങ്ങളൊന്നുമല്ല സാക്ഷി. 2002ന് ശേഷം ഇന്നേവരെ മടവൂരികൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പൊല്ലാപ്പുകളും അവർ ചാടിയ ഗർത്തങ്ങളും എണ്ണിത്തിട്ടപ്പെടുത്തി യഥാസമയം രേഖപ്പെടുത്തി വെക്കുന്നത് വരും തലമുറക്ക് നാം ചെയ്ത് കൊടുക്കുന്ന ഏറ്റവും വലിയ സേവനമായിരിക്കും. കാരണം, ഇങ്ങനെയൊരു വിഭാഗം കേരളത്തിൽ അൽപ്പകാലം പ്രവർത്തിച്ചിരുന്നു  എന്ന് വരുംതലമുറ രേഖകളിലൂടെ വായിച്ചറിയേണ്ടി വരുന്ന രീതിയിലേക്ക് ദിനേനയെന്നോണം അവർ നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്.

കേരളത്തിൽ മറ്റൊരു പ്രസ്ഥാനത്തിനും നേരിടേണ്ടി വന്നിട്ടില്ലാത്തയത്ര നിന്ദ്യത മടവൂർ വിഭാഗത്തിന് മാത്രം എന്ത് കൊണ്ട് അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നത് ചിന്തിക്കേണ്ട വിഷയമല്ലേ?. മടവൂരികൾ ഈ മഹത്തായ തൗഹീദീ പ്രസ്ഥാനത്തിനോട് ചെയ്ത ചതിയും വഞ്ചനയും കുതികാൽവെട്ടും പാരകളും മനസ്സിലാക്കുമ്പോൾ ഇന്നവരുടെ അധ:പതനത്തിന്റെ കാരണമന്വേഷിച്ച് അധികം അലയേണ്ടി വരില്ല.

സലഫീ പ്രസ്ഥാനത്തിന് കേരളമണ്ണിൽ തുല്യതയില്ലാത്ത പ്രവർത്തന പാരമ്പര്യമാണുള്ളത്. ഒന്നോ രണ്ടോ വ്യക്തികൾ കൊളുത്തിയ ഈ കൈത്തിരി ഇന്നൊരു വിളക്കുമാടമായി ജ്വലിച്ച് നിൽക്കുമ്പോൾ അതിന് പിന്നിൽ യാതനകളുടെയും വേദനകളുടെയും ചരിത്രങ്ങളാണുള്ളത്. ആ ചരിത്രത്തിന് സമാനതകൾ പ്രവാചകൻമാരുടെ കാലത്തല്ലാതെ കേരളത്തിൽ മറ്റൊരു പ്രസ്ഥാന ചരിത്രത്തിലും കാണുക സാധ്യമല്ല.

ഒരു ബഹുസ്വര സമൂഹത്തിൽ ജീവിച്ചത് കൊണ്ട് നമുക്കിടയിലേക്ക് മറ്റു മതസ്ഥരുടെ വിശ്വാസങ്ങളും ആചാരങ്ങളും കടന്നു കൂടിയിട്ടുണ്ട് എന്ന വസ്തുത ഖുറാഫീ പണ്ഡിതൻമാർ തന്നെ തുറന്ന് സമ്മതിച്ചിട്ടുണ്ട്. എന്നാൽ അത്തരം ഇട കലർന്ന വിശ്വാസാചാരങ്ങളുമായി അതിന്റെ മൂർത്തമായ അവസ്ഥയിൽ കേരള മുസ്‌ലിംകൾ ജീവിച്ചിരുന്ന ഒരു നൂറ്റാണ്ട് മുൻപാണ് കേരളത്തിൽ പഴയകാല ഇസ്‌ലാഹീ നായകൻമാരായിരുന്ന വക്കം മൗലവിയും ശേഷം കെ.എം മൗലവിയും തൗഹീദീ പ്രബോധനത്തിനിറങ്ങുന്നത്. കിലോമീറ്ററുകളോളം കാൽനടയായി യാത്ര ചെയ്ത് കവലകൾ തോറും തൗഹീദ് പ്രസംഗിച്ച് അതിന് പ്രതിഫലമായി കൂക്കുവിളികളും കല്ലേ

റുകളും ഏറ്റ് വാങ്ങിയിട്ടും ആരോടും പരിഭവമോ പരാതികളോ ഇല്ലാതെ അല്ലാഹുവിന്റെ പൊരുത്തം മാത്രം ആഗ്രഹിച്ച് അവർ തൗഹീദ് പ്രബോധനം ചെയ്തു. തയ്യിൽ മുഹമ്മദ് കുട്ടി മുസ്‌ലിയാർ എന്ന കെ.എം മൗലവിക്ക് ചായക്കടകളിൽ നിന്ന് ചായ പോലും ലഭിക്കാതിരുന്ന അക്കാലഘട്ടത്തിലെ ചരിത്രങ്ങൾ തൗഹീദീ പ്രബോധകരായ നമുക്കിന്ന് കണ്ണുനീരോടെയ ല്ലാതെ ഓർക്കാൻ കഴിയില്ല.

പറഞ്ഞ് വന്നത്, ഇത്തരത്തിൽ കണ്ണീരും നെടുവീർപ്പും പ്രാർത്ഥനകളും വളമാക്കി വളർന്ന് വന്ന് പടർന്ന് പന്തലിച്ച ഒരു പ്രസ്ഥാനത്തിന്റെ കടക്കൽ കത്തി വെക്കാൻ മടവൂരികൾക്ക് യാതൊരു കയ്യറപ്പുമുണ്ടായില്ല എന്ന് സൂചിപ്പിക്കാനാണ്. ഈ പ്രസ്ഥാനത്തെ വെട്ടിക്കീറി കയ്യിൽ തരാമെന്ന് ആർക്കാണ് ഇവർ വാക്ക് കൊടുത്തത്? ആരിൽ നിന്നാണ് അതിനിവർ അച്ചാരം വാങ്ങിയത്?. ഏതൊരു ആദർശം ഉയർത്തിപ്പിടിച്ചാണോ ഇസ്‌ലാഹീ പ്രസ്ഥാനം കേര ളത്തിൽ കാലുറപ്പിച്ചത്, അതേ തൗഹീദീ ആദർശത്തിന്റെ അടിവേരറുക്കാനാണ് ഇവർ ആദ്യ മായി ശ്രമിച്ചത്. തൗഹീദിന്റെ നിലനിൽപ്പിന് വേണ്ടി കാലാകാലങ്ങളിലുള്ള ഇസ്‌ലാഹീ പണ്ഡി തൻമാർ നടത്തിയ ഖണ്ഡന–മണ്ഡന പ്രസംഗങ്ങളെയും വാദപ്രതിവാദങ്ങളെയും കൊച്ചാക്കി സംസാരിച്ച് കൊണ്ടാണ് അവരുടെ അസുഖം പുറത്ത് വരുന്നത്. ഒരിക്കലും ഖണ്ഡനപ്രസംഗ ങ്ങളെയും വാദപ്രതിവാദങ്ങളെയും തേടി ഇസ്‌ലാഹീ പണ്ഡിതൻമാർ അലഞ്ഞ് നടന്നിട്ടില്ല. മറി ച്ച്, ഖണ്ഡനപ്രസംഗങ്ങളും വാദപ്രതിവാദങ്ങളും ഈ പ്രസ്ഥാനത്തെ തേടിയെത്തുകയായിരു ന്നു. എങ്കിലും ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ ചരിത്രം രചിക്കുമ്പോൾ വാദപ്രതിവാദങ്ങളെ ഒഴിച്ച് നിർത്തുക സാധ്യമല്ല. പല പ്രദേശങ്ങളിലും പ്രസ്ഥാനം ആഴത്തിൽ വേരൂന്നാൻ കാരണം ആ പ്രദേശങ്ങളിൽ നടന്ന ഖണ്ഡനപ്രസംഗങ്ങളോ വാദപ്രതിവാദങ്ങളോ ആയിരുന്നു. ഈയ ടുത്ത കാലത്ത് നടന്ന വാഴക്കാട് ഖണ്ഡനപ്രസംഗവും ശേഷം നാദാപുരത്ത് ഇപ്പോഴും നടന്ന് കൊണ്ടിരിക്കുന്ന ഖണ്ഡനപ്രസംഗങ്ങളും അതിന് സാക്ഷിയാണ്. ഖണ്ഡന പ്രസംഗങ്ങൾക്ക് വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ ഇട്ടിരിക്കുന്ന വസ്ത്രത്തിന് പുറമെ ഒരു ജോഡി വസ്ത്രവും കവറിലാക്കി കൊണ്ട് പോയിരുന്ന ഒരു ചരിത്രമുണ്ട് പഴയകാല മുജാഹിദ് നേതാക്കൾക്ക്. കാര ണം, അവർക്കറിയാമായിരുന്നു തങ്ങൾ പറയാൻ പോകുന്നത് മഹാനായ മുഹമ്മദ് നബി(ﷺ) പതിനാല് നൂറ്റാണ്ട് മുൻപ് മക്കയിൽ പറഞ്ഞ അതേ ആദർശമാണെന്ന്. അത് കൊണ്ടു തന്നെ അന്നത്തെ അബൂജഹ്‌ലിന്റെ ഇന്നത്തെ അനുയായികളുടെ ഏറും കുത്തും പ്രതീക്ഷിച്ച് തന്നെ യായിരുന്നു അവർ പ്രസംഗങ്ങൾക്ക് പുറപ്പെട്ടിരുന്നത്. രണ്ടത്താണി സൈദ് മൗലവിയെപ്പോലു ള്ളവരൊക്കെ ഇത്തരത്തിൽ പ്രസംഗത്തിന് പോയിരുന്നവരായിരുന്നു. പ്രസംഗം കഴിഞ്ഞ് വീട്ടി ലേക്ക് കീറിപ്പറിഞ്ഞും ചോരയൊലിച്ചുമുള്ള വസ്ത്രം ധരിച്ച് വരുന്ന തങ്ങളെ കണ്ട് വീട്ടുകാർ പരിഭ്രമിക്കരുതെന്ന ചിന്തയായിരുന്നു ഇത്തരത്തിൽ ചെയ്യാൻ അവരെ പ്രേരിപ്പിച്ചിരുന്നത്. എന്നാൽ പിന്നീട് ഇത്തരം ഖണ്ഡനപ്രസംഗങ്ങളെ പരിഹസിക്കുന്ന മടവൂരീ സംഘത്തിന്, വളർന്ന് പന്തലിച്ച ഇസ്‌ലാഹീ പ്രസ്ഥാനമെന്ന വൃക്ഷത്തിന്റെ മുകളിലെ കൊമ്പിൽ തന്നെ കയ റിയിരുന്ന് അതിൽ നിന്നും കായ്കനികൾ യഥേഷ്ടം പറിച്ചെടുത്ത് ഭുജിക്കുമ്പോൾ ഈ വൃക്ഷം ഇവിടെ നട്ട് പിടിപ്പിച്ച് വെള്ളവും വളവും നൽകിയവരെ സ്മരിക്കാനുള്ള സന്മനസ്സ് കാണിച്ചില്ലെങ്കിലും അവർ ചെയ്ത പ്രവർത്തനങ്ങളെ കുറ്റം പറയാതിരിക്കുകയെങ്കിലും ആകാ മായിരുന്നു.

ഇത്തരത്തിൽ കല്ലും മുള്ളും കുപ്പിച്ചില്ലുകളും നിറഞ്ഞ പാതയിലൂടെ ഏറ് കൊണ്ടും തെറി കേട്ടും ബഹിഷ്കരണങ്ങളേറ്റ് വാങ്ങിയും മഹാൻമാർ വളർത്തിയെടുത്ത ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തകരുടെ കാൽച്ചുവട്ടിലേക്ക് മണൽത്തരികൾ വാരിയെറിഞ്ഞ് വഴിമുടക്കിക്കളയാം എന്ന് ഹുസൈൻ മടവൂരും നാലഞ്ചാളുകളും തെറ്റിദ്ധരിച്ചേടത്ത് തുടങ്ങുന്നു അവരുടെ പരാജ യം. ആചാരരംഗത്ത് മാത്രമല്ല, ആദർശരംഗത്തും മൃദുല സമീപനമാവാം എന്ന് മേൽപറഞ്ഞ നാലഞ്ചാളുകൾ പ്രസ്ഥാനത്തിനകത്ത് നിന്ന് പിറുപിറുക്കാൻ തുടങ്ങിയപ്പോൾ ഇസ്തിരി ചുളി യാതെ നടക്കാൻ ആഗ്രഹിച്ച ചിലരുടെ പിന്തുണയും അത്തരക്കാർക്ക് കിട്ടിയപ്പോൾ തൗഹീ ദിനെ സ്നേഹിക്കുന്നവർ, മുൻഗാമികളുടെ സേവനങ്ങളെ നന്ദിയോടെയും പ്രാർത്ഥനയോ ടെയും സ്മരിക്കുന്നവർ ഇത്തരക്കാർക്കെതിരെ ശക്തമായിത്തന്നെ രംഗത്ത് വരികയുണ്ടായി. അത്തരം ചിന്താഗതിക്കാർക്കെതിരിൽ തൗഹീദീ സ്നേഹികൾ ഇനിയും രംഗത്ത് വരികയും ചെയ്യും. കാരണം, ഇതൊരു ആദർശ പ്രസ്ഥാനമാണ്. ആരുടെയെങ്കിലും മുഖത്തിന്റെ ചൊങ്കും

ചുകപ്പും കണ്ടിട്ടല്ല ഈ പ്രസ്ഥാനത്തിൽ ജനലക്ഷങ്ങൾ കണ്ണികളായത്. പ്രവാചകൻമാർ പഠിപ്പിച്ച ആദർശം ഈ പ്രസ്ഥാനത്തിന്റെ കയ്യിലാണ് എന്ന് തിരിച്ചറിഞ്ഞത് കൊണ്ട് തന്നെയാണ് മഹല്ലിലെ ഭൂരിഭാഗത്തിന്റെയും എതിർപ്പുകൾ അവഗണിച്ച് ഓരോരുത്തരും മുജാഹിദാകുന്നത്. അവൻ ഹുസൈൻ മടവൂരിന്റെ സംഘാടന മികവിലോ വാക്ചാതുരിയിലോ അല്ല മയങ്ങി വീഴുന്നത്. അബ്ദുസ്സലാം സുല്ലമിയുടെ 'അറിവിലും' ഇജ്തിഹാദിലുമല്ല അവൻ അണി ചേരുന്നത്. മറിച്ച്, തൗഹീദിലും സുന്നത്തിലും സലഫികൾ സ്വീകരിക്കുന്ന കണിശതയിലാണ് ആദർശത്തെ സ്നേഹിക്കുന്നവർ അണിനിരക്കുന്നത്. സലഫികളുടെ ഈ കണിശതയെ വിട്ടുവീഴ്ച്ചക്ക് തയ്യാറില്ലാത്ത 'മൂരാച്ചി' സ്വഭാവമായി വിലയിരുത്തുന്നവരുണ്ട്. ആദർശ രംഗത്ത് വിട്ടുവീഴ്ച അനുവദിക്കില്ലെന്നും ആദർശത്തിൽ നിന്നും വിട്ടാൽ വീഴ്ച തന്നെ സംഭവിക്കുമെന്നും സലഫികൾ എക്കാലത്തും പറയുന്നു. വിട്ടുവീഴ്ചയില്ലാത്ത നയം സ്വീകരിച്ചാൽ പൊതുസമൂഹത്തിൽ നിന്നും നാം ഒറ്റപ്പെട്ട് പോകുമെന്ന് ആശങ്കപ്പെട്ടവർ പ്രസ്ഥാനത്തിന്റെ തലപ്പത്ത് നുഴഞ്ഞ് കയറി എന്നതായിരുന്നു മുജാഹിദ് പ്രസ്ഥാനത്തിൽ പ്രശ്നങ്ങൾ തുടങ്ങാൻ കാരണം. തൗഹീദീ പ്രബോധനത്തെ തെറിവിളിയായും കൊലവിളിയായും ചിത്രീകരിച്ചത് അത്തരക്കാരായിരുന്നു. ഹുസൈൻ മടവൂരിന്റെ നേതൃത്വത്തിൽ ഒരുമിച്ച് കൂടിയ ആ സംഘത്തിൽ പിന്നീട് ചില തൽപ്പര കക്ഷികൾ കൂടിച്ചേരുകയാണുണ്ടായത്. അത്തരക്കാരെ യഥാസമയം തിരിച്ചറിഞ്ഞ് അവരെ ഉപദേശിച്ച് നന്നാക്കിയെടുക്കാൻ പ്രസ്ഥാനം ശ്രമിച്ചിട്ടും 'എന്നെ തല്ലണ്ടമ്മാവാ, ഞാൻ നന്നാവില്ല' എന്ന് അത്തരക്കാർ തുറന്ന് പറഞ്ഞതോടെയാണ് കേരള നദ്‌വതുൽ മുജാഹിദീനിൽ നിന്നും പോഷക ഘടകങ്ങളിൽ നിന്നും പുറത്തേക്കുള്ള വഴി അക്കൂട്ടർക്ക് നേതൃത്വം കാണിച്ച് കൊടുത്തത്. മുമ്പേ മതില് ചാടാൻ തയ്യാറെടുത്തവർക്ക് മുന്നിൽ നേതാക്കൾ ഗെയിറ്റ് തുറന്ന് കൊടുത്തു എന്നത് ഈ പ്രസ്ഥാനത്തിന്റെ നേതാക്കൾ അവരോട് ചെയ്ത മാന്യത. പിന്നീട് കെ.എൻ.എം എന്നത് തലതിരിച്ചിട്ട് എൻ.എം.കെ എന്ന സംഘടനയുടെ പേരിലാണ് ഇവർ സമ്മേളനങ്ങളും മറ്റ് പരിപാടികളും സംഘടിപ്പിച്ചത്. എന്നാൽ ആ തല തിരിഞ്ഞ സ്വഭാവം പേരിൽ മാത്രമല്ല ഉണ്ടായത്. മറിച്ച് ആദർശത്തിലും പ്രവർത്തനത്തിലും അടിമുടി ആ തലതിരിച്ചിൽ ഉണ്ടായി എന്നത് പിന്നീടുണ്ടായ പല സംഭവ വികാസങ്ങളും നമ്മെ ബോധ്യപ്പെടുത്തി.

**സമുദായത്തിന് ചെയ്ത സേവനങ്ങൾ**

നിലവിലുള്ള ഒരു സംഘടനയിൽ നിന്നും വേറിട്ട് പോയി വേറെ സംഘടന തട്ടിക്കൂട്ടുന്നവർ പുതിയ പ്രഭാതവും പുതിയ സ്വപ്നങ്ങളുമായിരിക്കും ജനങ്ങൾക്ക് നൽകുക. മടവൂരികളും കൊടുത്തു കേരള മുസ്‌ലിംകൾക്ക് കുറെ സ്വപ്നങ്ങൾ. അതിൽ പ്രഥമവും പ്രധാനവുമായ ഒരു സ്വപ്നമായിരുന്നു മാധ്യമരംഗത്തെ ചിലരുടെയൊക്കെ കുത്തക തകർക്കുക എന്നത്. ശതാബ്ദി പിന്നിട്ട പത്രമുത്തശ്ശിമാർക്ക് ബദൽ നിൽക്കാൻ മുസ്‌ലിംകൾക്ക് ഒരു പത്രം എന്നതായിരുന്നു ഒരു പത്രം തുടങ്ങുമ്പോൾ അവർ മുസ്‌ലിംകൾക്ക് നൽകിയ വാഗ്ദാനം. ഏതൊരു പത്രത്തെയും മോഹിപ്പിക്കുന്ന രീതിയിലായിരുന്നു വർത്തമാനം പത്രത്തിന്റെ തുടക്കം. ഡോ:സുകുമാർ അഴീക്കോട് മുഖ്യ പത്രാധിപർ. തഴക്കവും പഴക്കവുമുള്ള അറിയപ്പെട്ട മാധ്യമ പ്രവർത്തകർ.......അങ്ങനെയങ്ങനെ ആരെയും മോഹിപ്പിക്കുന്ന മാധ്യമ സംഘം.



NOBLE CHARITABLE TRUST
19/616, Varthamanam
Chalappuram. P.O., Calicut - 673 002, Kerala, India

Ref: Date:

KNM, ISM, MSM, MGM, ജില്ലാ / മേഖലാ / ശാഖാ ഭാരവാഹികളുടെ ശ്രദ്ധയ്ക്ക്

ബഹുമാന്യരെ, السلام عليكم

വർത്തമാനം പത്രം നമ്മുടെ പങ്കാളിത്തത്തിലും മേൽ നോട്ടത്തിലും നടക്കുന്ന പത്രമാണെന്നറിയാമല്ലോ. എന്നാൽ ഇത് സംഘടന നേരിട്ട് നടത്തുന്ന പത്രമല്ല. അങ്ങിനെ നടത്താൻ നാം ഉദ്ദേശിക്കുന്നുമില്ല.

പത്രം പ്രവർത്തനം തുടങ്ങി 6 മാസം പൂർത്തിയാവുകയാണ്. കഴി[illegible] കാല ലക്കങ്ങളിൽ നമ്മുടെ പ്രതീക്ഷക്കനുസരിച്ച നിലവാരത്തിലേക്ക് ഉയരാൻ സാധ്യമാകാതെ വരികയും ചില അപാകതകൾ ഉണ്ടാവുകയും ചെയ്തു. എന്നാൽ ഇക്കാര്യങ്ങൾ നാം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവർ അത് പരിഹരിക്കാമെന്ന് ഉറപ്പുതരികയും ചെയ്തിരിക്കുന്നു. മാത്രമല്ല ഇപ്പോൾ ആ മാറ്റം കാണാനും സാധിക്കുന്നു.

ആയതിനാൽ അടുത്ത 3 മാസം കൊണ്ട് പത്രത്തിന് കൂടുതൽ ഷെയർ സ്വരൂപിച്ചും, കോപ്പികൾ വർദ്ധിപ്പിച്ചും, ഏജൻസികൾ ഏർപ്പെടുത്തിയും, പരസ്യങ്ങൾ ശേ[illegible] എല്ലാ ഘടകങ്ങളും പരമാവധി സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. നമ[illegible] അംഗങ്ങളി[illegible] വരുമാനം ഉള്ള എല്ലാവരും ചുരുങ്ങിയത് 2000/- രൂപയുടെ ഷെയർ എടുത്തും, [illegible]ടെ കുടുംബാംഗങ്ങളേയും, അയൽവാസികളേയും സ്നേഹിതന്മാരേയും, നാട്ടുകാരേയും വരിക്കാരാക്കിയും ഇത് വിജയിപ്പിക്കുക.

വിശദവിവരങ്ങൾ പത്രത്തിന് വേണ്ടി രൂപീകരിച്ച ജില്ലാ / മേഖലാ കോ-ഓർഡിനേഷൻ കമ്മറ്റികളിൽ നിന്നും അറിയാം.

അല്ലാഹു നമ്മുടെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ,

സ്നേഹപൂർവ്വം

എ.വി. അബ്ദുറഹിമാൻ ഹാജി
പ്രസിഡണ്ട്
കേരള നദ്‌വത്തുൽ മുജാഹിദീൻ
മർക്കസുദ്ദ[illegible] കോഴിക്കോട്

കോഴിക്കോട്
1/8/03

അക്കാലത്ത് ഇന്റർനെറ്റിലൂടെ പ്രചരിച്ച ഒരു ഫലിതമുണ്ട്. അഴീക്കോട് രണ്ട്മൂന്ന് ലേഖനങ്ങളെഴുതുമത്രെ. അതിൽ നല്ലത് മനോരമക്കും മാതൃഭൂമിക്കും നൽകും. ഒന്നിനും കൊള്ളാത്തത് ചവറ്റുകൊട്ടയിലേക്കും. മടവൂരികൾ ചവറ്റുകൊട്ടയിൽ നിന്നും അത് പെറുക്കിയെടുത്ത് തങ്ങളുടെ പത്രത്തിൽ എഡിറ്റോറിയലായി നൽകുമത്രെ!! കുറച്ച് കാലം കഴിഞ്ഞപ്പോൾ ശമ്പളം കിട്ടാതെ കുടിശ്ശിക വന്നപ്പോൾ മുഖ്യപത്രാധിപർ പത്രത്തിന്റെ കാർ പ്രതിഫലമായി പറ്റുബുക്കിൽ വരവ് വെച്ച് സലാം പറഞ്ഞു. വേതനമില്ലാതെ പണിയെടുക്കാൻ സുകുമാർ അഴീക്കോട് വക്കം മൗലവിയുടെ ആദർശപ്രചാരകനോ അനുയായിയോ അല്ല. അത് പത്രത്തിന്റെ തകർച്ചയുടെ ഒടുക്കത്തിന്റെ തുടക്കമായിരുന്നു. അങ്ങനെ പത്രമുത്തശ്ശിമാരോട് കൊമ്പ് കോർക്കാൻ ജൻമം കൊണ്ട ഈ പത്രം ശൈശവ ദശയിൽ തന്നെ പോളിയോ പിടിച്ച് കിടപ്പിലായി. ഇപ്പോഴും ഇഴഞ്ഞിഴഞ്ഞ് നീങ്ങുന്നുണ്ടെങ്കിലും ആ പത്രത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണെന്ന് നാം കണ്ടറിയേണ്ടതാണ്. ഈ പത്രം മൂലം ഇന്ന് എത്രയെത്ര കുടുംബങ്ങളാണ് കണ്ണീര് കുടിക്കുന്നതെന്ന് അറിയണമെങ്കിൽ അതിൽ പണിയെടുത്തിരുന്ന ജീവനക്കാരുടെ വിലാസം തപ്പിയാൽ മതിയാകും. ഇന്ന് വർത്തമാനം എത്തി നിൽക്കുന്ന അവസ്ഥയെന്താണെന്ന് പൂർണമായും മനസ്സിലാക്കാൻ varthamanamwalkouts blogspot.com എന്ന സൈറ്റൊന്ന് പരതുക. വർത്തമാനം മാനേജ്മെന്റിൽ നിന്നും പലപ്പോഴായി പല നിലക്കും പീഢനമേറ്റ ഒരു സംഘം മാധ്യമ പ്രവർത്തകരാണ് ഈ സൈറ്റിന് പിന്നിൽ. ഈ സൈറ്റിൽ വന്ന ചില വിവരങ്ങൾ ഇവിടെ എടുത്ത് കൊടുക്കുന്നത് വായനക്കാർക്ക് ഉപകാരമാകും.

*‘‘കഴിവ് തെളിയിച്ചവരും പരിശ്രമശാലികളുമായ പത്രപ്രവർത്തകരും പത്രത്തെ നെഞ്ചിലേറ്റി താലോലിക്കാൻ ഒരു സംഘടനയും വിദേശത്ത് നിന്ന് നിർലോഭമെത്തുന്ന ഫണ്ടും ലോകമെങ്ങും അറിയപ്പെടുന്ന ചീഫ് എഡിറ്ററും ഉണ്ടെങ്കിലും മാനേജ്മെന്റിന്റെ കഴിവ് കേടും മണ്ടത്തരവും കൊണ്ടു മാത്രം ഒരു പത്രം പരാജയപ്പെടാമെന്നതിന് തെളിവാണ് വർത്തമാനം. ഗംഭീരമായിരുന്നു തുടക്കം. മുൻഗണന തെറ്റിയ പ്രവർത്തന രീതികൾ പത്രത്തെ പിന്നീട് തളർത്തി. ജീവനക്കാർക്ക് ശമ്പളം വൈകി പലരും ഉപേക്ഷിച്ച് പോയി. അവശേഷിച്ചവരോട് മാനേജ്മെന്റ് പറഞ്ഞ ഉപായമായിരുന്നു അത്. നിങ്ങളുടെ പേരിൽ കമ്പനി ബാങ്കിൽ നിന്നും കടമെടുക്കും. മാസങ്ങൾക്കുള്ളിൽ കടം കമ്പനി തിരിച്ചടക്കും. അതോടെ ഇപ്പോഴത്തെ പ്രതിസന്ധി അതിജീവിച്ച് പത്രത്തിന് മുന്നോട്ട് പോകാനാകും.*

*വ്യക്തമായ കാഴ്ചപ്പാടോ ദീർഘവീക്ഷണമോ പരിചയ സമ്പത്തോ ഇല്ലാത്ത ഒരു കൂട്ടം ആളുകൾ ഭരണയന്ത്രം തിരിച്ചത് കൊണ്ടു തന്നെ ആറുമാസം കൊണ്ട് പത്രത്തിൽ പ്രതിസന്ധി തുടങ്ങിയിരുന്നു. അഞ്ച് മാസത്തോളം ശമ്പളം മുടങ്ങി നിന്ന അവസരത്തിലാണ് ഓരോരുത്തരുടെ പേരിൽ വായ്പയെടുത്ത് സ്ഥാപനത്തെ രക്ഷിക്കണമെന്ന ആവശ്യം മാനേജ്മെന്റ് മുന്നോട്ട് വെച്ചത്. വർത്തമാനത്തെ അത്രമാത്രം സ്നേഹിച്ചിരുന്ന ഒരു കൂട്ടം ചെറുപ്പക്കാർ അതിന് സമ്മതം മൂളി. അങ്ങനെ വർത്തമാനം അതിന്റെ ജീവനക്കാരുടെ പേരിൽ കോഴിക്കോട് വിജയ ബാങ്കിൽ നിന്നും കനറാ ബാങ്കിൽ നിന്നും ലക്ഷങ്ങളുടെ ലോണെടുത്തു. വിജയാ ബാങ്കിൽ നിന്നും 50000 മുതൽ ഒന്നര ലക്ഷം രൂപ 53 തൊഴിലാളികളുടെ പേരിൽ ലോണെടുത്തു. കനറാ ബാങ്കിൽ നിന്നും 39 തൊഴിലാളികളുടെ പേരിൽ 30000–80000 രൂപ വരെയായിരുന്നു വായ്പയെടുത്തത്. ഇങ്ങനെ ലക്ഷങ്ങളാണ്. എന്നാൽ ഭീമമായ ഒരു സംഖ്യ ജീവനക്കാരുടെ വായ്പ്പയായി ലഭിച്ചിട്ടും സ്ഥാപനം പ്രതിസന്ധിയിൽ നിന്നും കര കയറിയില്ല.*

*വീണ്ടും ശമ്പളം മുടങ്ങി. ഒടുവിൽ ജീവിക്കാൻ വക തേടി പല ചെറുപ്പക്കാരും മറ്റ് സ്ഥാപനങ്ങളിൽ ചേക്കേറി. വിശ്വാസത്തിന്റെ പുറത്ത് വായ്പ്പക്കൊപ്പിട്ട് കൊടുത്ത യുവാക്കളെ മുഴുവൻ വഞ്ചിക്കുന്ന നടപടിയാണ് പിന്നീട് കമ്പനിയുടെ ഭാഗത്ത് നിന്നുണ്ടായത്. ഏഴ് അടവുകൾ മാത്രം അടച്ച കമ്പനി പിന്നീട് അങ്ങോട്ട് തിരിഞ്ഞ് നോക്കിയില്ല. ഇക്കാര്യം സംസാരിക്കാൻ ചെല്ലുന്നവരോട് മാനേജ്മെന്റ് നിർദാക്ഷിണ്യം പെരുമാറി. സ്ഥാപനത്തോടുള്ള കൂറു കൊണ്ട് ആരും പ്രത്യക്ഷ സമര പരിപാടികളിലേക്ക് നീങ്ങിയില്ല. എന്നാൽ പിന്നീട് കമ്പനിയുടെ ഏക ആസ്തിയായ കെട്ടിടം വിൽക്കാനുള്ള നീക്കം നടക്കുമ്പോഴാണ് ഓഫീസിലേക്ക് മാർച്ച് നടത്തുന്നതുൾപ്പെടെയുള്ള സമര പരിപാടികൾക്ക് ജീവനക്കാർ തീരുമാനമെടുത്തത്.*

*പത്രവർത്തക യൂനിയൻ ഇടപെട്ട് ഓഫീസ് മാർച്ചിന് തീരുമാനിച്ചെങ്കിലും വായ്പ തിരിച്ചടക്കാമെന്ന് മാനേജ്മെന്റ് ഉറപ്പ് നൽകിയതിനാൽ സമരം നിർത്തി വെച്ചു. ലോൺ തിരിച്ചടക്കാൻ ബാങ്ക് അധികൃതരുമായി ധാരണയുണ്ടാക്കിയെന്ന് അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് പ്രക്ഷോഭ പാതയിൽ നിന്ന്  എല്ലാവരും പിൻവാങ്ങി. എന്നാൽ കേരളത്തിലെ അറിയപ്പെടുന്ന മുജാഹിദ് മത പണ്ഡിതനായ ഹുസൈൻ മടവൂരിന്റെ സംഘടനക്ക് കീഴിൽ പ്രവർത്തിക്കുന്ന വർത്തമാനം മാനേജ്മെന്റ് തൊഴിലാളികളോട് വീണ്ടും വിശ്വാസ വഞ്ചന കാണിച്ചു. ഇതിനിടെ ശക്തമായ പ്രതിഷേധത്തിന്റെ ഫലമായി കനറാ ബാങ്കിലെ ബാധ്യത തീർക്കാൻ തീരുമാനമായി. കനറാ ബാങ്കിലായിരുന്നു പല മുജാഹിദ് സംഘടനാ നേതാക്കളുടെയും പേരിൽ വായ്പ്പയെടുത്തത്. കനറാ ബാങ്കിലേത് സെറ്റിൽ ചെയ്തതോടെ അവർ സുരക്ഷിതരായി. പാവപ്പെട്ട തൊഴിലാളിയുടെ കടക്കെണി തുടർന്നു.*

*കേരളത്തിലെ മറ്റൊരു തൊഴിലാളികൾക്കും ലഭിക്കുന്ന തൊഴിൽ സുരക്ഷിതത്വമോ സംഘടനാ ബലമോ ജനാധിപത്യത്തിന്റെ നാലാം തൂണുകാരായ ആധുനിക പത്രപ്രവർത്തകർക്ക് ഇല്ല എന്നതാണ് വർത്തമാനം നൽകുന്ന ഞെട്ടിപ്പിക്കുന്ന മഹത്തായ മറ്റൊരു പാഠം. പത്രപ്രവർത്തക യൂനിയൻ ഇടപെട്ടെങ്കിലും വിജയം കണ്ടില്ല. വഞ്ചനക്കിരയായ അറുപതോളം മാധ്യമ പ്രവർത്തകർ മനോരമ, മാതൃഭൂമി, ഇന്ത്യാവിഷൻ ഉൾപ്പെടെയുള്ള മുഖ്യധാരാ മാധ്യമങ്ങളിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെങ്കിലും കേരളത്തിലെ ഒരു മാധ്യമസ്ഥാപനം അതിന്റെ തൊഴിലാളികളോട് കാണിച്ച വഞ്ചന റിപ്പോർട്ട് ചെയ്യാൻ പോലും മറ്റു മാധ്യമങ്ങൾക്ക് കഴിയുന്നില്ല. സംഘടനയുടെ സ്വാധീനത്തിന് വഴങ്ങിയും ഒരു മാധ്യമത്തിന്റെ നെറികേടിനെ എതിർക്കാൻ മറ്റൊരു മാധ്യമത്തിന്റെ മാനേജ്മെന്റ് തയ്യാറാകാത്തതിനാലും ഏറ്റവും കൃത്യമായ ഈ വഞ്ചന മറച്ച് പിടിക്കപ്പെടുന്നു.*

*യൂനിയനുമായുള്ള നിരന്തര ചർച്ചക്കൊടുവിൽ വായ്പ തിരിച്ചടക്കാമെന്ന് മാനേജ്മെന്റ് സമ്മതിച്ചതായിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ വർത്തമാനത്തിനെതിരെയുള്ള സമര പരിപാടികളും പിൻവലിച്ചു. എന്നാൽ ഒരിക്കൽ കൂടി മാനേജ്മെന്റ് തങ്ങളുടെ വികൃതമുഖം കാണിച്ചു. ഉറപ്പുകൾ ലംഘിപ്പെട്ടു. കോടതിയിൽ നിന്ന് സമൻസ് ലഭിച്ചതോടെ ഭാവി പരിപാടികൾ ആലോചിക്കാനുള്ള തയ്യാറെടുപ്പിലാണ് ജീവനക്കാർ. മാധ്യമ പ്രവർത്തകരുടെ പേരിൽ കടം കയറുമ്പോഴും ഹുസൈൻ മടവൂരും സംഘവും സംഘടനാ പരിപാടികൾക്ക് ലക്ഷങ്ങൾ ചെലവഴിക്കുകയാണെന്ന് ജീവനക്കാർ ആരോപിക്കുന്നു. വയനാട്ടിൽ നടന്ന കഴിഞ്ഞ സംഘടനാ സമ്മേളനത്തിൽ നന്മയും നീതിയും എന്നായിരുന്നു മുദ്രാവാക്യം. ഈ രണ്ട് വാക്കുകളും പറയാൻ സുഖമുള്ളതാണെന്ന് അവർ സമ്മേളനത്തിന് ശേഷവും തെളിയിച്ചു.*

*വർത്തമാനം മാനേജ്മെന്റിന്റെ വഞ്ചനക്കിരയായ അറുപതോളം ജീവനക്കാർ ഇപ്പോൾ ജയിലുകളിലേക്ക് നാളുകളെണ്ണുകയാണ്. ഇങ്ങനെ സംഭവിക്കുകയാണെങ്കിൽ അത് അന്താരാഷ്ട്ര മാധ്യമലോകത്ത് തന്നെ കോളിളക്കങ്ങൾ സൃഷ്ടിക്കും. ലോക മാധ്യമങ്ങൾ കേരളത്തിൽ ക്യാമ്പ് ചെയ്ത് ഈ വാർത്ത പുറത്തെത്തിക്കും. ഇതോടെ ആഗോള സലഫീ പ്രസ്ഥാനത്തിന് തന്നെ മുഖം നഷ്ടപ്പെടും''* (23–9–2009 varthamanamwalkoutsblogspot.com).

വായനക്കാരാ, മുജാഹിദാണെന്ന് പറഞ്ഞ് നടക്കുന്ന ഒരു കൂട്ടമാളുകൾ കാണിച്ച് കൊണ്ടിരിക്കുന്ന തോന്നിവാസങ്ങളാണ് മുകളിൽ നാം വായിച്ചത്. കേരളത്തിലെ നാലഞ്ചാളുകൾ കാണിച്ച് കൂട്ടുന്ന പേക്കൂത്തുകളുടെ പാപക്കറ വീഴുന്നതും ആഗോള സലഫീ പ്രസ്ഥാനത്തിന്റെ മേൽ തന്നെ. ഒരു രാജ്യത്തിന്റെ അല്ലെങ്കിൽ ഒരു സമൂഹത്തിന്റെ കണ്ണും കണ്ണാടിയുമാണ് പത്രവും പത്രപ്രവർത്തകരും. അല്ലെങ്കിൽ അങ്ങനെയായിരിക്കണം പത്രവും പത്രപ്രവർത്തകരും. എന്നാൽ ആ പ്രവർത്തനത്തിലേർപ്പെട്ടതിന്റെ പേരിൽ അനേകം കുടുംബങ്ങൾ ഇന്ന് കിടപ്പാടം വരെ നഷ്ടപ്പെടുന്ന അവസ്ഥയിലെത്തി നിൽക്കുന്നു. അവരുടെ കുടുംബനാഥൻമാർ ജയിലഴിയെണ്ണേണ്ടുന്ന ഗതി വന്നിരിക്കുന്നു. അതും സമൂഹത്തെ നന്നാക്കാൻ വേണ്ടി പണിയെടുക്കുന്നു എന്നവകാശപ്പെടുന്ന ഒരു സംഘത്തിന്റെ കെടുകാര്യസ്ഥതയും ക്രൂരതയും മൂലം.

സംഘടനാ പിളർപ്പിന് മുമ്പ് തന്നെ 'നമുക്കും വേണ്ടേ ഒരു പത്രം?' എന്ന് മടവൂരീ കോക്കസ് ചോദിച്ചപ്പോൾ 'വേണ്ട' എന്ന് ഒറ്റവാക്കിൽ മറുപടി പറയാൻ മുജാഹിദ് നേതാക്കളെ പ്രേരിപ്പിച്ചതിന്റെ കാരണങ്ങൾ പലതായിരുന്നു. ആധുനിക കാലഘട്ടത്തിൽ ഒരു പത്രം തുടങ്ങുമ്പോൾ അത് സമൂഹത്തിൽ പിടിച്ച് നിൽക്കണമെങ്കിൽ എന്തൊക്കെ ചേരുവകൾ ആവശ്യമായി വരുന്നുവോ ആ ചേരുവകളൊക്കെ മുജാഹിദ് പ്രസ്ഥാനം ഇക്കാലമത്രയും സമൂഹത്തിൽ പ്രചരിപ്പിച്ച ആദർശത്തിനെതിരായിരിക്കുമെന്ന് മനസ്സിലാക്കാൻ കോമൺസെൻസ് മതിയായിരുന്നു. മുജാഹിദ് പ്രസ്ഥാനത്തിന്റെ ഇന്നത്തെ അവസ്ഥ വെച്ച് നോക്കുമ്പോൾ അംഗബലത്തിന്റെയോ സാമ്പത്തികത്തിന്റെയോ കമ്മി കൊണ്ട് ഒരു പത്രം പരാജയപ്പെടില്ല. എന്നാൽ തലേന്ന് രാത്രി വരെ തൗഹീദും സുന്നത്തും പറഞ്ഞ് കിടന്നുറങ്ങിയ മുജാഹിദ് അതിരാവിലെ മുറ്റത്ത് വന്ന് വീഴുന്ന പത്രമെടുത്ത് തുറന്ന് നോക്കുമ്പോൾ നെറ്റി ചുളിക്കുന്ന അവസ്ഥയുണ്ടാകുമെന്ന് സലഫികൾ അന്നേ തിരിച്ചറിഞ്ഞിരുന്നു. 'സുന്നത്ത് ജമാഅത്തിന്റെ' നടുക്കഷ്ണമായി സ്വയം വിശേഷിപ്പിക്കുന്ന കാന്തപുരം ഗ്രൂപ്പുകാരുടെ പത്രത്തിൽ ഇടക്കിടെ പ്രത്യക്ഷപ്പെടുന്ന അർദ്ധനഗ്ന നാരികളുടെ ചിത്രം ഇതിനുദാഹരണമാണ്. ഇതൊക്കെ മുൻകൂട്ടി കണ്ട് 'ആ ഏർപ്പാട് നമുക്ക് ശരിയാകില്ല മക്കളേ' എന്ന് മുജാഹിദ് നേതാക്കൾ പറഞ്ഞപ്പോൾ അവരെ 'ലോകം തിരിയാത്ത കൂപമണ്ഡൂകങ്ങൾ' എന്നും 'മസ്തിഷ്കം വറ്റി വരണ്ടവർ, ജരാനരകൾ ബാധിച്ചവർ' എന്നും പറഞ്ഞ് ആക്ഷേപിച്ചാണ് ഇവർ പത്രം തുടങ്ങിയത്. ആ പത്രത്തിന്റെ ഇന്നത്തെ അവസ്ഥയാണ് മുകളിൽ കൊടുത്തത്. പ്രാദേശികമായുള്ള അവസ്ഥ കുറച്ചൊക്കെ ഈ ലേഖകനുമറിയാം. മലപ്പുറം ജില്ലയിൽ മടവൂരികൾക്ക് കുറച്ചെങ്കിലും സ്വാധീനമുള്ളത് രണ്ടത്താണിയിലും താനാളൂരിലും ഈ ലേഖകന്റെ ശാഖയായ കുഴിപ്പുറത്തുമാണ്. അതിൽ ഈ ലേഖകന്റെ പ്രദേശത്ത് പത്രം തുടങ്ങിയ കാലത്ത് നൂറ്റമ്പതോളം കോപ്പികളാണ് വിതരണം ചെയ്തിരുന്നത് എന്നാണ് ഈയുള്ളവന്റെ അറിവ്. എന്നാൽ ഇന്നത് വളർന്ന് വളർന്ന് പതിമൂന്ന് കോപ്പിയിലെത്തി നിൽക്കുന്നു. ഇത്തരത്തിൽ എല്ലാ പ്രദേശങ്ങളിലും ക്ഷയിച്ച പത്രത്തെ ഒന്ന് പരിപോഷിപ്പിക്കാനാണ് മമ്മൂട്ടി ടൈംസുമായി ചേർന്ന് ഒരു സിനിമാ സീരിയൽ അവാർഡ് ദാനം പത്രത്തിന്റെ ആളുകൾ സംഘടിപ്പിച്ചത്.




പക്ഷെ ഇന്നേ വരെ സീരിയൽ കാണാത്ത പല കുടുംബിനികളും രാവിലെ മുതൽ വൈകുന്നേരം വരെ ചാനലുകൾ വിസർജിക്കുന്ന സീരിയലുകളായ വേളാങ്കണ്ണി മാതാവും അൽഫോൺസാമ്മയും കായംകുളം കൊച്ചുണ്ണിയും മുടങ്ങാതെ കാണാൻ തുടങ്ങി എന്നല്ലാതെ പത്രം പിന്നെയും ചക്രശ്വാസം വലി തുടർന്നു. ''അറിയിക്കാനുള്ളവരെയൊക്കെ അറിയിച്ചോളൂ, ഇനി പ്രതീക്ഷയൊന്നുമില്ല'' എന്ന് മാധ്യമരംഗത്തെ ഭിഷഗ്വരൻമാർ മുന്നറിയിപ്പ് നൽകിയ സ്ഥിതിക്ക് ഇനി കാത്തിരിക്കാം നമുക്ക്, ഈ പത്രത്തിന്റെ ദയാവധത്തിനായി.

### മാർഗോ ബദ്റാനും മടവൂരികളും

പൊതുസമൂഹത്തിൽ നിന്നും മുജാഹിദുകൾ ഒറ്റപ്പെട്ടു പോകുമെന്ന് കുണ്ഠിതപ്പെട്ട മടവൂരികൾ പൊതുസമൂഹവുമായി അടുക്കാനാണല്ലോ പാലം കെട്ടൽ തുടങ്ങിയത്. അവർക്കും നമുക്കുമിടയിൽ പാലം കെട്ടി അതിലൂടെ കയറിച്ചെന്ന് പ്രബോധനം നടത്താമെന്നായിരുന്നു ചില ബുദ്ധിജീവികളുടെ നിർദ്ദേശം. ആദർശത്തിൽ വെള്ളം ചേർക്കാനും വിട്ടുവീഴ്ച്ച ചെയ്യാനും തയ്യാറല്ല എന്ന് പ്രഖ്യാപിക്കുന്ന ഒരേയൊരു സംഘടന കേരളത്തിൽ സലഫികൾ മാത്രമാണ്. അത് തുറന്ന് പറയുമ്പോൾ ഒറ്റപ്പെടുന്നുവെങ്കിൽ ആ ഒറ്റപ്പെടൽ ഒരു അംഗീകാരമായിട്ട് തന്നെയാണ് സലഫികൾ കാണുന്നത്. എന്നാൽ പൊതുസമൂഹവുമായി ബന്ധം സ്ഥാപിക്കാൻ കണ്ടേട

ത്തൊക്കെ തല വെച്ച് കൊടുത്ത മടവൂരികൾ ദിനേനയെന്നോണം സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് കൊണ്ടിരിക്കുന്ന കാഴ്ച്ചയാണ് പിന്നീട് നാം കണ്ടത്. ആ ഒറ്റപ്പെടൽ തൗഹീദീ ആദർശം തുറന്ന് പറഞ്ഞത് കൊണ്ടായിരുന്നെങ്കിൽ നമുക്കവരെ അഭിനന്ദിക്കാമായിരുന്നു. ഇത് അതല്ല. ലോകമുസ്‌ലിം സമൂഹത്തിന്റെ വെറുപ്പ് ഏറ്റുവാങ്ങിയ അമേരിക്ക സ്പോൺസർ ചെയ്യുന്ന ചില വ്യക്തികളെ തലയിലേറ്റി നടന്നായിരുന്നു മടവൂരികൾ പലപ്പോഴും ഊരാക്കുടുക്കിൽ പെട്ടത്. അതിലൊന്നായിരുന്നു മാർഗോ ബദ്റാന്റെ കേരള സന്ദർശനം. മാർഗോ ബദ്റാനെ അമേരിക്കയിൽ പോയി ക്ഷണിച്ച് മടവൂരികൾ കേരളത്തിൽ കൊണ്ടു വരുമ്പോൾ അവർ ഉദ്ദേശിച്ചത് എന്തായിരുന്നുവെന്നത് ഇന്നും അജ്ഞാതമാണ്. എന്നാൽ ആ സംഭവത്തോടെ മടവൂരികൾ ഉള്ള കഞ്ഞിയിൽ പാറ്റയിടുകയാണ് ചെയ്തത്. കേരള മുസ്‌ലിംകളുടെ മൊത്തം എതിർപ്പ് ഏറ്റുവാങ്ങി പിരടിയിൽ വെച്ച് കെട്ടിയ മടവൂരികൾക്ക് അതുകൊണ്ട് അമേരിക്കയുടെ വല്ല സാമ്പത്തിക സഹായവും കിട്ടിയിട്ടുണ്ടോ എന്നറിയില്ല. മുട്ടോളമെത്തുന്ന മിഡിയും ചുണ്ടിൽ അരക്കിലോ ചായവും തേച്ച് മാർഗോ ബദ്റാൻ കേരളത്തിൽ വിമാനമിറങ്ങിയത് ഏതായാലും കേരള മുസ്‌ലിംകളെ ഇസ്‌ലാം പഠിപ്പിക്കാനായിരിക്കില്ല. പിന്നെ അവർക്ക് അങ്ങോട്ട് ഇസ്‌ലാം പഠിപ്പിച്ച് കൊടുക്കാനായിരുന്നോ?. അതുമായിരിക്കാൻ സാധ്യതയില്ല. അമേരിക്കയിൽ ഒരു മാർഗോ ബദ്റാൻ മാത്രമല്ല മനുഷ്യജൻമമായി ഉള്ളത്. പിന്നെയെന്തിന് ഇവർ കേരള മുസ്‌ലിങ്ങളുടെ മൊത്തം എതിർപ്പ് ഏറ്റുവാങ്ങി മാർഗോ ബദ്റാനെ കേരളത്തിന് പരിചയപ്പെടുത്തി? എന്ന ചോദ്യത്തിന്, സി.ഐ.എ നേരിട്ട് നടത്തുന്ന ജോർജ് വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ് ഈ സ്ത്രീ എന്നതാണ് ഉത്തരം. ആൾഇന്ത്യാ അടിസ്ഥാനത്തിൽ സലഫികൾക്കിടയിലുണ്ടായ പിളർപ്പും മടവൂരീ നേതാക്കളുടെ അടിക്കടിയുള്ള അമേരിക്കൻ സന്ദർശനവും മാർഗോ ബദ്റാന്റെ കേരള സന്ദർശനവും തമ്മിൽ കോർത്തിണക്കാൻ പറ്റിയ ബലമേറിയ കണ്ണികൾ കാലം നമുക്ക് മുന്നിൽ ഇട്ട് തരുന്നത് വരെ നമുക്ക് കാത്തിരിക്കാം.

### പാഠപുസ്തകങ്ങളിലെ അശ്ലീലം

അമേരിക്കയിൽ പൊതുസ്ഥലത്ത് ഒരു പെണ്ണിനെ ചുംബിക്കുന്നത് അശ്ലീലമല്ല. എന്നാൽ അവിടെ പൊതുസ്ഥലത്ത് മൂത്രമൊഴിക്കുന്നത് അശ്ലീലമാണ്. പക്ഷെ കേരളത്തിൽ പൊതുസ്ഥലത്ത് വെച്ച് ഒരു പെണ്ണിനെ ചുംബിച്ചാൽ ഒന്നുകിൽ പൂജപ്പുരയിലെ കമ്പിയോ അല്ലെങ്കിൽ ഊളമ്പാറയിലെ കമ്പിയോ അവൻ എണ്ണി തിട്ടപ്പെടുത്തേണ്ടി വരും. അതാണ് അമേരിക്കയും കേരളവും തമ്മിലുള്ള വ്യത്യാസം. അതു കൊണ്ടു തന്നെ അമേരിക്കൻ സഹയാത്രികരായ മടവൂരികൾക്ക് അശ്ലീലമായി തോന്നാത്ത പലതും കേരളീയ പൊതു സമൂഹത്തിന് അശ്ലീലമായി തോന്നും. അത് കേരളീയരുടെ കുറ്റമല്ല. നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണ്. ഇവിടെ നാം അതിര് തിരിച്ച് കെട്ടിയ സംസ്കാരത്തിന്റെ ഒരു വേലിയുണ്ട്. ആ വേലി ചാടാൻ ഒരുങ്ങുന്നവർക്ക് സംസ്കാരശൂന്യതയുടെ ചവറ്റു കൊട്ടയിലാണ് സ്ഥാനം. ഇത്തരത്തിൽ കേരള മുസ്‌ലിംകൾക്ക് ഉൾകൊള്ളാനാവാത്ത വിധത്തിൽ ലൈംഗികതയും അശ്ലീല സാഹിത്യങ്ങളും എഴുതിയും പ്രചരിപ്പിച്ചും അതിൽ അനുഭൂതി കണ്ടെത്തുന്ന ഒരു തരം മാനസികരോഗം സംഘടനാ പിളർപ്പിന് മുമ്പ് തന്നെ മടവൂരീ കോക്കസിന് ഉണ്ടായിരുന്നു. 'ആശയസമന്വയം' എന്ന പേരിൽ അവർ പുറത്തിറക്കിയ ഒരു ചവറിൽ അത്തരത്തിലുള്ള അശ്ലീലങ്ങൾ ധാരാളമുണ്ടായിരുന്നു. ഹലാലായ മാർഗ്ഗത്തിലൂടെ ലൈംഗികത ആസ്വദിക്കാൻ ഇസ്‌ലാം അനുവദിച്ചിട്ടുണ്ട്. എന്നാൽ ശാരീരികമായി വല്ല ഞരമ്പിനോ മറ്റോ തകരാറുള്ളവർക്ക് അത് ആസ്വദിക്കാൻ കഴിയുകയില്ല. വൈദ്യശാസ്ത്രത്തിൽ ഈ അസുഖത്തിന് മരുന്നുണ്ട്. അത്തരം വൈകല്യമുള്ളവർ ലൈംഗികത എഴുതി സുഖമനുഭവിച്ചേക്കും. ഇത്തരത്തിൽ അശ്ലീലങ്ങൾ എഴുതി വിട്ട് അത് മുജാഹിദുകളെ കൊണ്ട് വായിപ്പിക്കുകായിരുന്നു ആശയസമന്വയത്തിന്റെ കർത്താക്കൾ ചെയ്തിരുന്നത്. അത് കൊണ്ട് ആരെ പ്രീതിപ്പെടുത്താനാണ് ഇവർ ഉദ്ദേശിച്ചത്?. പെട്ടിക്കടകളിൽ തൂങ്ങിയാടുന്ന അശ്ലീല പുസ്തകങ്ങളും തപ്പിനടക്കുന്ന ചില കവലപ്പിള്ളേരെയല്ലാതെ ആരെയാണ് ഇത്തരം കൃതികൾ സുഖിപ്പിക്കുക?. ഏതായാലും ആശയസമന്വയം പോലുള്ള കൃതികൾ മടവൂരീ ചിന്താഗതിയുള്ള കുറച്ചാളുകളുടെ കക്ഷത്തിലല്ലാതെ പൊതുസമൂഹത്തിൽ പ്രചരിപ്പിക്കപ്പെട്ടിരുന്നില്ല. എന്നാൽ പൊതുസമൂഹത്തെ ലക്ഷ്യം വെച്ച് ലൈംഗിക ആഭാസങ്ങൾ പഠിപ്പിക്കാൻ തയ്യാറാകുന്നവർ ആരായാലും അവർക്കെതിരിൽ സമൂഹം തിരിയുക തന്നെ ചെയ്യും. ഇത്തരത്തിൽ മടവൂരീ നേതാവ് എഴുതിയ പുസ്തകമാണ് പുതിയ വിവാദത്തിന് തിരികൊളുത്തിയിരിക്കുന്നത്. അതും ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് വായിച്ച് സായൂജ്യമടയാ

നാണ് എൽ.പി സ്കൂൾ ലൈബ്രറികളിൽ അശ്ലീല പുസ്തകം വിതരണം ചെയ്യപ്പെട്ടിരിക്കുന്നത്. മടവൂരീ സംഘടനയല്ല ഇത് ചെയ്തത് എങ്കിലും മടവൂരീ നേതാവായ എൻ.പി ഹാഫിസ് മുഹമ്മദാണ് പുസ്തകത്തിന്റെ രചയിതാവ് എന്നതാണ് വിഷയം ഇവിടെ ചർച്ചക്കെടുക്കാൻ നമ്മെ പ്രേരിപ്പിക്കുന്നത്. കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി വഴി കേരള വിദ്യാഭ്യാസ വകുപ്പാണ് എൽ.പി സ്കൂൾ ലൈബ്രറികളിലേക്ക് ഹാഫിസ് മുഹമ്മദിന്റെ 'പൂവും പുഴയും' എന്ന പുസ്തകം വിതരണം ചെയ്തിരിക്കുന്നത്. സ്വവർഗ്ഗരതി വർണ്ണനയും നീലച്ചിത്രത്തിന്റെ അഭിനേതാക്കളെ പരിചയപ്പെടുത്തുന്നതും കിടപ്പറ രംഗങ്ങളും നിറഞ്ഞതാണത്രെ ഈ പുസ്തകം. കേരള ഗവൺമെന്റ് വിതരണം ചെയ്തതല്ലേ എന്ന് പറഞ്ഞ് മടവൂരികൾക്ക് ഇതിൽ നിന്നും തലയൂരാൻ കഴിയില്ല. തങ്ങളുടെ ഖതീബുമാർക്ക് ക്ലാസെടുക്കുന്ന വ്യക്തിയാണ് ഇത് രചിച്ചിട്ടുള്ളത് എന്നതാണ് ഇതിന്റെ ഗൗരവം. തങ്ങൾ വലിയ പുരോഗമന വാദികളാണെന്ന് സ്വയം ഞെളിയുകയും പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ പ്രബോധനം നടത്തുന്ന സലഫികളെ നവയാഥാസ്ഥിതികരെന്ന് മുദ്രയടിക്കുകയും ചെയ്യുന്നവരാണല്ലോ മടവൂരികൾ. മടവൂരികൾ മുസ്‌ലിംകളെ ആധുനിക പാശ്ചാത്യൻ സംസ്കാരത്തിന്റെ മുൻനിരയിലേക്ക് വലിച്ചിഴക്കുമ്പോൾ ഞങ്ങൾ സലഫികൾ ജനങ്ങളെ പതിനാല് നൂറ്റാണ്ട് പിറകിലേക്ക് വലിച്ച് നബി(ﷺ)യുടെ അധ്യാപനങ്ങളിലേക്ക് ക്ഷണിക്കുന്നു. അതിനെ യാഥാസ്ഥിതികത്വമെന്നോ നവയാഥാസ്ഥിതികത്വമെന്നോ അതിനുമപ്പുറം വല്ലതുമോ വിളിച്ചാലും ഞങ്ങൾക്കത് പ്രശ്നമല്ല. പുഴുക്കുത്ത് വീണ പുരോഗമന ചിന്തയുടെ പിറകെ പായാൻ സലഫികൾ തയ്യാറല്ല എന്നത് മടവൂരികൾ  ഓർത്താൽ മതി.

**അമേരിക്കൻ ഇഫ്താർ**

ബറാക് ഹുസൈൻ ഒബാമയും ഹുസൈൻ മടവൂരും തമ്മിൽ ബന്ധമൊന്നുമില്ല. പക്ഷെ ഒബാമയുടെ രാജ്യവും മടവൂരിന്റെ സംഘവും തമ്മിലുള്ള ബന്ധം ഇന്നും ഇന്നലെയും തുടങ്ങിയതുമല്ല. മടവൂരീ നേതാക്കളുടെ അടിക്കടിയുള്ള അമേരിക്കൻ സന്ദർശനവും അവരുടെ അമേരിക്കൻ സ്നേഹവും ആരിലും സംശയമുണർത്തുന്നതാണ്. കുറച്ച് വർഷം മുമ്പ് നടന്ന മാർഗോ ബദ്റാന്റെ കേരള സന്ദർശനം യാദൃശ്ചികമായിരുന്നില്ല. അതിന് ശേഷമിതാ അമേരിക്കൻ പ്രസിഡന്റ് ബറാക് ഒബാമയുടെ ഇഫ്താർ വിരുന്നിന്റെ സംഘാടക സ്ഥാനം ഏറ്റെടുത്ത് മടവൂരികൾ പിന്നെയും പൊതുജനങ്ങളിൽ സംശയമുണർത്തുന്നു. യു.എസ് കോൺസുലേറ്റ് ജനറൽ ലാറി ഷ്വാർട്സ്, ഹുസൈൻ മടവൂർ, മടവൂരീ ജില്ലാസെക്രട്ടറി അബ്ദുസ്സലാം മാസ്റ്റർ എന്നിവർ ചേർന്ന് സംഘടിപ്പിച്ച കൊച്ചുകേരളത്തിലെ തൃശൂരിൽ നടന്ന ഈ ഇഫ്താർ വിരുന്ന് അമേരിക്കൻ ചാനലായ ഐ.ബി.എൻ വലിയ വാർത്തയായി നൽകി എന്നത് ഇതിന്റെ പ്രാധാന്യം എടുത്ത് കാണിക്കുന്നു. ഒബാമാ ഭരണകൂടം മുസ്‌ലിം വിരുദ്ധമല്ലെന്ന് ലോകത്തെ അറിയിക്കാനാണത്രെ ഈ ഇഫ്താർ അമേരിക്ക സംഘടിപ്പിച്ചത്. എന്നാൽ ഈ ഇഫ്താറിനെക്കുറിച്ചുള്ള വിവരങ്ങൾ മാധ്യമങ്ങൾക്ക് പോലും നൽകാതെ രഹസ്യമായി സൂക്ഷിച്ചത് എന്തിന് എന്ന ചോദ്യം പ്രസക്തമാണ്. ചില മാധ്യമ പ്രവർത്തകരെ മാത്രം തെരഞ്ഞെടുത്ത് ക്ഷണിച്ചിരുന്നെങ്കിലും പരിപാടിയുടെ തലേന്ന് മാത്രമാണ് അവർക്ക് ക്ഷണം കിട്ടിയത്. ഒബാമാ ഭരണകൂടം മുസ്‌ലിം വിരുദ്ധമല്ലെന്ന് തെളിയിക്കാൻ നടത്തിയ ഇഫ്താർ മുസ്‌ലിം സാന്നിധ്യം വളരെ കുറവായ തൃശൂരിൽ തന്നെ എന്തിന് സംഘടിപ്പിച്ചു എന്ന ചോദ്യത്തിനും മടവൂരികൾക്ക് ഉത്തരമില്ല. മാത്രവുമല്ല, പോലീസുകാർക്കോ കലക്ടർക്കോ കൃത്യമായ വിവരമൊന്നും ഈ ഇഫ്താറിനെക്കുറിച്ചുണ്ടായിരുന്നില്ലത്രെ. അടിക്കടിയുള്ള അമേരിക്കൻ സന്ദർശനം വഴി തങ്ങളുടെ നേതാക്കളും അമേരിക്കൻ എംബസിയും തമ്മിൽ നല്ല ബന്ധമാണുള്ളതെന്നും അതു കൊണ്ടാണ് ഈ ഇഫ്താർ സംഘടിപ്പിക്കാൻ തങ്ങളെ തന്നെ ചുമതലപ്പെടുത്തിയത് എന്നുമാണത്രെ മടവൂരീ നേതാക്കളുടെ വിശദീകരണം. അമേരിക്കൻ എംബസിയുമായി 'നല്ല ബന്ധം' എന്ന് പറയുമ്പോൾ ആ 'നല്ല ബന്ധം' എത്തരത്തിലുള്ളതായിരിക്കുമെന്ന് ആലോചിക്കേണ്ടതുണ്ട്. മലയാളത്തിലെയും ഹിന്ദിയിലെയും അറിയപ്പെട്ട രണ്ട് സിനിമാനടൻമാർ അവർ മുസ്‌ലിം നാമധാരികളായി എന്ന ഒറ്റക്കാരണത്താൽ അമേരിക്കൻ എയർപ്പോർട്ടിൽ മണിക്കൂറുകളോളം തടഞ്ഞ് വെച്ച സംഭവങ്ങൾ ഈയിടെ വലിയ വാർത്തയായതാണല്ലോ. അപ്പോൾ പിന്നെ താടിയും തൊപ്പിയുമുള്ള ഇവരുമായി അമേരിക്ക 'നല്ല ബന്ധം' പുലർത്തുന്നു എന്നത് വിരോധാഭാസമല്ലേ?.

**മടവൂർസാഹിബിന് കരിങ്കൊടി**

ഇവ്വിഷയവുമായി ബന്ധപ്പെട്ട് കേരള മുസ്‌ലിം സമൂഹത്തിൽ നിന്നും വ്യാപകമായ എതിർപ്പുകളാണ് മടവൂരികൾക്ക് നേരിടേണ്ടി വന്നത്. ഇവരുടെ ചില നേതാക്കൾക്ക് തന്നെ ഇതിനെതിരിൽ ഉള്ളിൽ മുറുമുറുപ്പുണ്ടായിരുന്നു. പക്ഷെ മടവൂർസാഹിബിന്റെ കയ്യിൽ നിന്നും കിട്ടുന്ന നക്കാപിച്ചയും സ്ഥാനമാനങ്ങളും നഷ്ടപ്പെടുമെന്ന ഭയത്താൽ അവരുടെ പ്രതിഷേധം പുറത്തറിയിക്കാതെ മൂടി വെക്കുകയായിരുന്നു. ഇവരുടെ മുഹദ്ദിസിനെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ അങ്ങേർ പറഞ്ഞത് അത് ആവശ്യമില്ലാത്ത പണിയായിപ്പോയി എന്നായിരുന്നു. അങ്ങേർക്ക് പിന്നെ ആകെ ആവശ്യമുള്ള പണി മുജാഹിദുകളെകുറിച്ച് ഖുറാഫികളോട് തെറി പറയുക എന്നതാണ്. അത് കൊണ്ട് തന്നെ ഇത്തരം സംഗതികളൊക്കെ അദ്ദേഹത്തിന് 'ആവശ്യമില്ലാത്ത സംഗതി' ആണ്. പക്ഷെ പല കാര്യങ്ങളും 'ആവശ്യമുള്ള'വരാണ് ഈ ഇഫ്താറും സംഘടിപ്പിച്ചത്. ഹുസൈൻ മടവൂർ ആരാണെന്നും അങ്ങേരുടെ ലക്ഷ്യമെന്താണെന്നും മടവൂരീ പാളയത്തിലുള്ള പലർക്കും ഇപ്പോഴും മനസ്സിലായിട്ടില്ല എന്നതാണ് വസ്തുത. ഇതുമായി ബന്ധപ്പെട്ട് പല രീതിയിലുള്ള പ്രതിഷേധങ്ങളാണ് ഹുസൈൻ മടവൂരിന് നേരിടേണ്ടി വന്നത്. അതിൽ എടുത്ത് പറയാവുന്നത് ചിലർ നടത്തിയ കരിങ്കൊടി പ്രയോഗമാണ്. തിരുവനന്തപുരം പാളയം പള്ളിയിൽ ഹുസൈൻ മടവൂർ റമദാൻ പഠന ക്ലാസിന് വന്നപ്പോഴായിരുന്നു ഒരുസംഘമാളുകൾ കരിങ്കൊടി കാണിച്ചത്. സാമ്രാജ്യത്വത്തിന് ഓശാന പാടുന്നു എന്നാരോപിച്ചായിരുന്നു കരിങ്കൊടി കാണിച്ചത്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നേവരെ ഒരു മുസ്‌ലിം പണ്ഡിതനും നേരിടേണ്ടി വന്നിട്ടില്ലാത്തതാണ് കരിങ്കൊടി പ്രയോഗം. ആ ക്രെഡിറ്റും മടവൂരികളുടെ അക്കൗണ്ടിൽ തന്നെയിരിക്കട്ടെ. തീർന്നില്ല, അമേരിക്കൻ ചാരപ്പണി ഇനിയും തുടർന്നാൽ ഹുസൈൻ മടവൂർ പ്രസംഗിക്കുന്ന എല്ലാ വേദികളും ഇത്തരത്തിലുള്ള പ്രതിഷേധങ്ങൾ സംഘടിപ്പിക്കുമെന്നും ഇവർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ അമേരിക്കൻ ഇഫ്താർ വിവാദമായതിനെ തുടർന്ന് കരമന മുസ്‌ലിം ജമാഅത്ത് സംഘടിപ്പിച്ച മടവൂരിന്റെ റമദാൻ പ്രഭാഷണവും അടിയന്തിരമായി യോഗം ചേർന്ന് നിർത്തി വെച്ചു. ഒരേ ആദർശത്തിൽ ഇത്രയും കാലം നില കൊണ്ട് ഇപ്പോൾ സംഘടന പിളർന്നപ്പോൾ എന്തിനാണ് നിങ്ങൾ തമ്മിൽ ഇത്രയും രൂക്ഷമായി എതിർക്കുന്നത് എന്ന് ചോദിക്കുന്നവരാണ് ഇപ്പോൾ ഹുസൈൻ മടവൂരിനെതിരിൽ കരിങ്കൊടിയുമായി ചാടി വീണിരിക്കുന്നത്. അവരോട് ഞങ്ങൾ ചോദിക്കട്ടെ, ഹുസൈൻ മടവൂരിനും സംഘത്തിനുമെതിരിൽ ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ മൂർച്ച ഇനി കുറക്കണോ അതോ കൂട്ടണോ?. ഹുസൈൻ മടവൂർ മുസ്‌ലിം സമൂഹത്തിനെതിരിൽ അമേരിക്കൻ ചാരപ്പണി നടത്തുന്നു എന്നാണല്ലോ ആരോപണം. എന്നാൽ അതിലും വലിയ ആരോപണങ്ങളാണ് മടവൂരിനെതിരിൽ സലഫികൾക്ക് ഉന്നയിക്കാനുള്ളത്. അമേരിക്കക്ക് വേണ്ടി ഒരു ഇഫ്താർ സംഘടിപ്പിച്ചപ്പോഴേക്കും ചിലർക്കൊക്കെ വേദനിച്ചുവെങ്കിൽ ഒരു നൂറ്റാണ്ടോളം പ്രവർത്തന പാരമ്പര്യമുള്ള മഹത്തായ ഒരു പ്രസ്ഥാനത്തെ വെട്ടിക്കീറാൻ ഇയാൾ കളിച്ച അന്തർനാടകങ്ങളും കുതികാൽവെട്ടുകളും കണ്ട് മനസ്സ് വേദനിച്ച ലക്ഷക്കണക്കിന് മുജാഹിദുകളുണ്ട് കേരളത്തിൽ. അവരുടെയൊക്കെ കരളുരുകിയുള്ള പ്രാർത്ഥനയുടെ ഫലം കൂടിയായിരിക്കും ഹുസൈൻ മടവൂരും സംഘവും ഇന്ന് നേരിട്ട് കൊണ്ടിരിക്കുന്ന നിന്ദ്യതക്ക് കാരണവും. ചിലതിന്റെയൊക്കെ കർമ്മഫലം ഈ ഭൂമിയിൽ നിന്ന് തന്നെ അനുഭവിക്കേണ്ടി വരുമല്ലോ. അങ്ങനെ, ഇങ്ങനെയൊരു വിഭാഗം കേരളത്തിൽ അൽപ്പകാലം പ്രവർത്തിച്ചിരുന്നു  എന്ന് വരുംതലമുറ രേഖകളിലൂടെ വായിച്ചറിയേണ്ടി വരുന്ന രീതിയിലേക്ക് ദിനേനയെന്നോണം മടവൂരികൾ നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്.

**വാൽക്കഷ്ണം:-** ഇതുമായി ബന്ധപ്പെട്ട് ഒരു പ്രധാന പത്രത്തിൽ വന്ന വാർത്തയിൽ ''നദ്‌വതുൽ മുജാഹിദീൻ ജനറൽ സെക്രട്ടറി ഹുസൈൻ മടവൂർ പറഞ്ഞു'' എന്നൊരു പരാമർശം കണ്ടു. ജനറൽ സെക്രട്ടറി സ്ഥാനം എന്ന മുൾക്കിരീടം ഹുസൈൻ മടവൂരിന്റെ തലയിൽ നിന്നും നിർബന്ധിച്ച് വാങ്ങി രണ്ടത്താണിയിലുള്ള ഒരു പാവം സുല്ലമിയുടെ തലയിൽ വെച്ച് കൊടുത്ത് ഏതാനും വർഷം മുൻപ് കെ.പി മുഹമ്മദ് മൗലവി പറഞ്ഞ 'വസിയ്യത്ത്' നിറവേറ്റപ്പെട്ട കാര്യമൊന്നും ഈ പാവം പത്രക്കാർ അറിയാതെ പോയത് മഹാ കഷ്ടം തന്നെ.